

**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**20 SEPTEMBER 2019**
**20 MUHARRAM 1441 AH**

# AL-HUJURAT : GHIBBAT (PART 2)
## അൽഹുജ്റാത്ത് (ഭാഗം 2)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാതിഹ ഓതിയ ശേഷം **അൽഹുജ്റാത്ത് (ഭാഗം 2)** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

കഴിഞ്ഞ ആഴ്ച തുടങ്ങിവെച്ച് ഗീയ്ബത്ത് എന്ന വിഷയത്തിന്റെ രണ്ടാം ഭാഗം തുടങ്ങുവാനുള്ള തൗഫീഖ് അല്ലാഹു(ത)യുടെ അനുഗ്രഹത്താൽ എനിക്ക് കൈവന്നിരിക്കുകയാണ്. ഗീയ്ബത്ത് അഥവാ പരദൂഷണം എന്നത് വളരെ പ്രധാനപ്പെട്ട ഒരു വിഷയം തന്നെയാണ്. ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങൾക്ക് പ്രത്യേകിച്ചും മുസ്ലിം സമൂഹത്തിന് പൊതുവിലും ഇത് വളരെ പ്രാധാന്യമുള്ള ഒരു വിഷയം തന്നെയാണ്.

വിവിധങ്ങളായ പ്രവാചക വചനങ്ങൾ ഗീയ്ബത്ത് സംബന്ധമായി നാം അപഗ്രഥിക്കുമ്പോൾ, നാം ഒടുവിൽ ഒരു തീരുമാനത്തിലെത്തിച്ചേരുകയാണ് ചെയ്യുന്നത്. **അതായത് ഒരാളിന്റെ ന്യൂനത, കുറവ്, വൈകല്യം ഇത് നിങ്ങൾ അറിയുമ്പോൾ, അല്ലെങ്കിൽ മറ്റാളുകളിലൂടെ അറിയുമ്പോൾ, അല്ലെങ്കിൽ സ്വയം നടത്തുന്ന ചാരവൃത്തിയിലൂടെ അറിയുമ്പോൾ, അവനെയും അവന്റെ ന്യൂനതകളെയും മറ്റുള്ളവരിലേക്ക് എത്തിക്കുന്നതിനുള്ള ശ്രമവും അവനെ മറ്റുള്ളവരുടെ മുൻപിൽ താറടിച്ചു കാണിക്കുവാനുള്ള ശ്രമവുമാണത്.** മറ്റുള്ളവരുടെ മുൻപിൽ അവനെ ആക്ഷേപിക്കുക എന്ന ഉദ്ദേശത്തോടെയുള്ള പ്രവർത്തനമാണത്. ഇത്തരം ആളുകൾ അവർക്ക് ലഭിക്കുന്ന ചെറുതും വലതുമായ സമ്മേളന സ്ഥലങ്ങളിൽ വച്ച് പ്രസ്തുത വ്യക്തിയെ മറ്റുള്ളവരുടെ മുൻപിൽ അപമാനിക്കുന്നതിനായി അവനെ കൂടുതൽ തരംതാഴ്ത്തു

ന്നതിനായി, അവമതിപ്പുണ്ടാക്കുന്നതിനായി ഇത്തരം അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നു. അത്തരം ആളുടെ ഉദ്ദേശം ഒന്നുമാത്രമെയുള്ളൂ. മറ്റുള്ളവരുടെ മുൻപിൽ പ്രസ്തുത വ്യക്തിയെ പരമാവധി അപമാനിക്കുക, മറ്റുള്ളവർ അവനെ പരമാവധി വെറുക്കണം, പ്രസ്തുത വ്യക്തിയെ ആളുകൾ ഒറ്റപ്പെടുത്തി, അവനെ തനിച്ചാക്കണം, അല്ലെങ്കിൽ പ്രസ്തുത വ്യക്തിയെ സംബന്ധിച്ച് മറ്റുള്ളവർ മുൻകരുതലുകളെടുക്കണം, അഥവാ ജാഗ്രതകരായിരിക്കണം. ഇങ്ങനെ പിന്നിൽ നിന്നു കുത്തുന്നവന്റെ പദ്ധതി പ്രകാരം കാര്യങ്ങളൊക്കെ നടന്നു കഴിയുമ്പോൾ, അവന് ഈ കാര്യത്തിൽ ഒരു സന്തോഷം ലഭിക്കുന്നു. ഇത്തരം ദുഷ്ട മനസ്സുള്ള ആളുകളുടെ പ്രത്യേകത അവർ തങ്ങളുടെ ചെയ്തികളിലേക്ക് തിരിഞ്ഞു നോക്കുന്നവരല്ല.

തങ്ങളുടെ തെറ്റുകുറ്റങ്ങളിലേക്കും തിരിഞ്ഞു നോക്കുന്നവരല്ല. ഈ കാര്യങ്ങൾക്കൊക്കെ അവർ തങ്ങളുടെസ്യഷ്ടാവിന്റെ മുൻപിൽ ഒരു സമയത്തു കണക്കു ബോധിപ്പിക്കേണ്ടവരാണ് എന്ന് അവർക്ക് അശ്ശേഷം ചിന്തയുള്ളവരുമല്ല.

ഒരു ദ്രോഹിയെപോലെ, ഒരു കുറ്റവാളിയെപോലെ, ഒരു വിഡ്ഢിയെപോലെ പ്രവർത്തിക്കുകയും വീണ്ടും പ്രവർത്തിക്കുകയും ചെയ്യുന്നതിന്റെ കാരണം, അവൻ തന്റെ ഹൃദയത്തിൽ മറച്ചു വെച്ചിരിക്കുന്ന, അവന്റെ ശത്രുതയുടെയും അസൂയയുടെയും പ്രതിഫലനമാണ്. ഇനി, നമുക്ക് മറ്റൊരു രീതിയിലുള്ള ആളുകളെയും നമുക്ക് കണ്ടെത്തുവാൻ കഴിയുന്നതാണ്, അവർ ഒരുവന്റെ അസാന്നിധ്യത്തിൽ അവന്റെ ന്യൂനതകളെക്കുറിച്ചു സംസാരിക്കുന്നവരാണ്. അവർക്കതിൽ വളരെ വലിയ സന്തോഷം ലഭിക്കുന്നു. പ്രസ്തുത വ്യക്തി സ്ഥലത്തില്ലാത്തപ്പോൾ, അവനെപ്പറ്റിയുള്ള ദൂഷിപ്പുകളുടെ കുമ്പാരം തന്നെ അവൻ എടുത്തുവെയ്ക്കുന്നു. അവൻ പറയുന്നതു കേൾക്കുവാൻ ചുറ്റും ആളുകൾ തയ്യാറുള്ളപ്പോൾ, ഈ അവസരം അവൻ വിഡ്ഢിത്വം പുലമ്പുന്നതിനായി പരമാവധി ഉപയോഗിക്കുന്നു. അവൻ സ്ഥലത്തില്ലാത്ത ആളിനെ അപമാനിക്കുവാൻ ഉദ്ദേശിക്കുന്നു. അതിന്റെ കാരണം ഒന്നേയുള്ളൂ, പ്രസ്തുത വ്യക്തി ഇയാൾ പറയുന്നതിനെ ഖണ്ഡി

ക്കുവാൻ സ്ഥലത്തില്ല. അഥവാ അവന്റെ മാന്യത സംരക്ഷി ക്കുവാൻ അവൻ സ്ഥലത്തില്ല അത്രതന്നെ!

ഇതൊരു വലിയ പാപം തന്നെയാണ്. അല്ലാഹു(ത) വിശുദ്ധ ഖുർആനിൽ പറയുന്നു. ഇതാ ഒരുദാഹരത്തി ലൂടെ അത് വ്യക്തമാക്കുന്നു. നിങ്ങളിലാരെങ്കിലും നിങ്ങളുടെ മരണപ്പെട്ടുപോയ സഹോദരന്റെ മാംസം ഭക്ഷിക്കുവാൻ നിങ്ങൾ ഇഷ്ടപ്പെടുന്നുവോ? അത്തരം ഒരു കാര്യം ഒരാൾ കേൾക്കുമ്പോൾ-ഒരാളിന്റെ മാംസം ഭക്ഷിക്കുന്നതു സംബന്ധ മായി-ഒരുവൻ തീർച്ചയായും ആ കാര്യത്തിൽ വെറുപ്പ്, അനിഷ്ടം പ്രകടിപ്പിക്കുക തന്നെ ചെയ്യും. ഒരു മുഅ്മിൻ-വി ശ്വാസി-അതിനോട് അവൻ അനിഷ്ടം പ്രകടിപ്പിക്കുകതന്നെ ചെയ്യും. എന്നാൽ മറിച്ച് ഒരവിശ്വാസി -ഹൃദയത്തിൽ ശത്രുത വെച്ചു പുലർത്തുന്നവൻ, ദൈവീക ദൃഷ്ടാന്താരംഭത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ അമീറും, മുല്ലാക്കളും ചെയ്തതു പോലെ, 2001 മുതൽ മഹാനായ പ്രവാചക ശിരോമണി മുഹ മ്മദ് മുസ്തഫ(സ)യുടെ മിമ്പറിൽ വെച്ച്, ഇത്തര പ്രവർത്തി കൾ ചെയ്യുന്നതിന്, അവർക്ക് യാതൊരു വെറുപ്പും വിര ക്തിയുമുണ്ടായില്ല, മറിച്ച് അത്തരം ആളുകൾ ആസ്വാദ്യത യോടെ നമ്മുടെ മാംസം ഭക്ഷിക്കുകയായിരുന്നു. നരഭോജി യേപോലെ, സ്വജാതിയെ തിന്നുന്ന ജന്തുക്കളെ പോലെ!

ഇവിടെ ഈ വചനത്തിൽ (അൽഹുജ്റാത്ത് 13) അല്ലാ ഹു(ത) ഒരു വസ്തുതയിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കു കയാണ്. എല്ലാ ദിവസവും നിങ്ങൾ നിങ്ങളുടെ സഹോദര ന്മാർക്കും സഹോദരിമാർക്കും എതിരിൽ നിങ്ങൾ സംസാ രിക്കുമ്പോൾ-അതായത് അതു നിങ്ങളുടെ രക്തം ബന്ധു ക്കൾ മാത്രമല്ല, നിങ്ങളുടെ വിശ്വാസ സമൂഹത്തിലെ ഓരോ സാഹോദരിയും സഹോദരനും (എല്ലാ വിശ്വാസികളും) നിങ്ങൾ അവർക്കെതിരിൽ സംസാരിക്കുമ്പോൾ, അതു നിങ്ങൾ വളരെ ആസ്വാദ്യതയോടെ, സന്തോഷത്തോടെ, മരി ച്ചുകിടക്കുന്ന നിങ്ങളുടെ സഹോദരിയുടെയും സഹോദര ന്റെയും മാംസം ഭക്ഷിക്കുന്നതുപോലെയാകുന്നു. ഏതൊരു വ്യക്തിയാണോ ഈ ഒരു പ്രവർത്തി ചെയ്തത്. അതായത് പിന്നിൽ നിന്നു കുത്തുക അതു ഏതു വീക്ഷണകോണിലൂ ടെയാണെങ്കിലും ശരി, അവൻ ചിന്തിക്കണം, തികച്ചും ഭിന്ന മായ മറ്റൊരു വീക്ഷണകോണിലൂടെ അല്ലാഹു(ത) ഇതെല്ലാം വീക്ഷിച്ചു കൊണ്ടിരിക്കുകയാണ് എന്ന്! പരിശുദ്ധ പ്രവാ

ചകൻ മുഹമ്മദ് മുസ്തഫ(സ)യും ഈ കാര്യത്തിന് നമുക്ക് അംഗീകാരം നല്കിയിട്ടില്ല. അല്ലാഹു(ത) അദ്ദേഹത്തിന് വെളിപാടിലൂടെ നല്കിയതെന്താണോ അതേ നിലപാടായിരുന്നു റസൂൽ(സ)യ്ക്കും! (എല്ലാം അറിയുന്നവൻ അല്ലാഹു മാത്രമാകുന്നു. അവർ ഇത് ചെയ്തത് ഏതു ഉദ്ദേശത്തിലായിരുന്നു എന്നും അറിയുന്നത് അവൻ മാത്രമാകുന്നു)

അങ്ങനെ *ഗീയ്ബത്ത്* (ഇതുമായി ബന്ധിതമായ എല്ലാ തിന്മകളും) നിങ്ങളുടെ സഹോദരന്റെ, സഹോദരിയുടെ മാംസം ഭക്ഷിക്കുക എന്നത് വളരെ ഗുരുതരമായ ഒരാത്മീയ രോഗമാകുന്നു, ഒരു പാപമാകുന്നു, അതുമാത്രമല്ല ഇതൊരു വലിയ വൈകല്യമാണ്, ന്യൂനതയാണ്, കുറവാണ്, ഇത് പരദൂഷകന്റെ വ്യക്തിത്വത്തിൽ കലർന്ന ഒരു കാര്യമാണ്, ഇതവന്റെ ആസ്വാദകരമായ ഒരു വസ്തുതയാണ്. അവനെ സംസ്ക്കരിക്കുക എന്നത് മറ്റുള്ളവരെ അപേക്ഷിച്ച് വളരെ വലിയ ബുദ്ധിമുട്ടുള്ള കാര്യമാണ്. ഒരാൾ തന്റെ തെറ്റിനെകുറിച്ച ബോധവാനാകുകയാണെങ്കിൽ, നല്ല നിലയിൽ പ്രസ്തുത കാര്യം ഗ്രഹിക്കുകയാണെങ്കിൽ, താൻ ചെയ്യുന്ന കാര്യം വളരെ ഗുരുതരമായ കാര്യമാണ് എന്ന് ചിന്തയുണ്ടായാൽ, വളരെ ഗുരുതതരമായ ഒരു പാപമാണ് താൻ ചെയ്യുന്നതെന്നറിഞ്ഞാൽ, അത്തരം വ്യക്തിയ്ക്കു പശ്ചാത്താപിക്കുവാനുള്ള അവസരം ലഭിക്കുന്നു. ദൈവീക മാപ്പിനായി പശ്ചാത്തപിച്ചുകഴിഞ്ഞാൽ, വീണ്ടും ഇത്തരം കുറ്റങ്ങളിലേക്ക്, തെറ്റുകളിലേക്ക്, പാപങ്ങളിലേക്കു പോകുന്നതല്ല എന്ന് തീരുമാനമെടുക്കുക. ഒരുവൻ അപ്രകാരം ചെയ്താൽ, അപ്പോൾ അല്ലാഹു(ത) തീർച്ചയായും അവന് പാപമോചനം നല്കുന്നതാണ്. അവന്റെ മേൽ അല്ലാഹു(ത)യുടെ അനുകമ്പയും ചൊരിഞ്ഞുകൊടുക്കുന്നതാണ്.

അനേകം ആളുകൾ എനിക്കെഴുതാറുണ്ട്. അനേകരെ ഞാൻ നേരിലും കണ്ടിടുണ്ട്, എന്നാൽ ആരും താൻ *ഗീയ്ബത്ത്* (പരദൂഷക പ്രവർത്തി) ചെയ്തിട്ടുണ്ട് എന്ന് പറഞ്ഞിട്ടില്ല, എന്ന് എനിക്ക് പറയുവാൻ കഴിയും. ചില ആളുകൾ തങ്ങളുടെ തെറ്റുകളെകുറിച്ച് ബോധവാന്മാരാകുന്നു. എന്നിട്ട് അവർ മുന്നോട്ടുവരുകയും തങ്ങളുടെ തെറ്റുകൾ ഏറ്റുപറയുകയും, അവരുടെ തെറ്റുകൾ അവർക്ക് ബോധ്യമാവുകയും, എന്നിട്ടവർ സ്വയം സംസ്ക്ക

രിക്കുവാൻ തയ്യാറാകുകയും എന്നിട്ടവർ അതിനുശേഷം അതിശ്രേഷ്ഠരായ വിശ്വാസികളാവുകയും ചെയ്യുന്നു. നേരെ മറിച്ച് മറ്റു ചില ആളുകളെയും നമുക്ക് കാണുവാൻ സാധിക്കും-അവരിൽ അധികം പേരും-അവർ അവരുടെ തെറ്റുകളിൽ ശാഠ്യത പുലർത്തന്നവരാകുന്നു. എന്നിട്ടവർ നിരപരാധികളെ പോലെ പ്രസ്തുത ശാഠ്യത്തിൽ തന്നെ നിലനില്ക്കുന്നു. അവർ പ്രസ്തുത തെറ്റ് ചെയ്തുകൊണ്ടിരക്കുകയും ചെയ്യുന്നു. അവർ തെറ്റുകാരുമാകുന്നു. (എന്നാലും അവർ പറയുന്നത് തങ്ങൾ നിരപരാധികളാണെന്നാണ്) അവരെ സംബന്ധിച്ചിടത്തോളം, അവർ എപ്പോഴും ശരിയിലാണെന്നാണ് അവരുടെ അഭിപ്രായം അവർ തേടുന്നത് അവരുടെ കാഠിന്യം മൂലം, അവർക്ക് എല്ലാം അറിയാം എന്ന ചിത്രമാണ് നല്കുന്നത്. അവർ എപ്പോഴും ശരിയിലുമാണെന്നാണ്. അവരുടെ ഗുരുതരമായ പാപങ്ങൾ, തെറ്റുകൾ, ദൗർബല്യങ്ങൾ, ഇവ അംഗീകരിക്കുവാനുള്ള ആർജ്ജവം, ധൈര്യം, വിനയം അവർക്കില്ല. നിങ്ങൾക്ക് അവരെ പറയുന്നവരായി കാണുവാൻ കഴിയുകയില്ല. എനിക്കുവേണ്ടി പ്രാർത്ഥിക്കണം, അങ്ങനെ ആയാൽ അല്ലാഹു(ത) എനിക്ക് പൊറുത്തു തരും! അല്ലാഹു(ത)യുടെ മുൻപിൽ വളരെ മോശമായ പ്രവർത്തി ഞാൻ ചെയ്തു പോയിട്ടുണ്ട്. ഇത്തരം ആളുകൾ കരുതുന്നത് തങ്ങൾ ഈ കാര്യത്തിൽ ഉറച്ചു നിന്നാൽ, ശരിയായ പാതയിലാണ് എന്ന് സ്വയം ഉറച്ചു നിന്നാൽ, തങ്ങൾ തെറ്റായ പാതയിലാണെങ്കിൽ പോലും, ജനങ്ങൾക്ക് ഒരു തോന്നൽ ഉണ്ടാകുന്നതാണ്, തങ്ങൾ നേരായ പാതയിലാണെന്ന്, തങ്ങൾ നിരപരാധികളാണെന്ന്! എന്നാൽ അല്ലാഹു(ത)യുടെ വീക്ഷണത്തിൽ പ്രസ്തുത വ്യക്തിയുടെ പ്രവർത്തനങ്ങൾ സത്യമായ നിലയിൽ വിലയിരുത്തുമ്പോൾ നീചമായതു തന്നെയാണ്. അല്ലാഹു(ത) യുടെ മുൻപിൽ അവന്റെ അനന്തരഫലങ്ങൾ വളരെ ഗുരുതരം തന്നെ ആയിരിക്കും.

ചില സന്ദർഭത്തിൽ, ഞാൻ ഖലീഫത്തുല്ലാഹ് എന്ന നിലയിൽ, ഞാൻ എന്റെ അനുചരന്മാർക്ക് ചില ഉപദേശങ്ങൾ നല്കാറുണ്ട്. അത്തരം സന്ദേശങ്ങളിലധികവും നിങ്ങൾക്ക് എല്ലാവർക്കും പൊതുവിലാണ് നല്കാറുള്ളത്. ഇതിലൂടെ നിങ്ങൾ എല്ലാവരും ശരിയായ ദിശയിൽ സഞ്ചരിക്കട്ടെ എന്ന് കരുതിയാണ് ഇത് നല്കുന്നത്. അത്തരം സന്ദേ

ശങ്ങൾ ചില അംഗങ്ങൾക്ക് നേരിട്ട് ബാധകങ്ങളായിരിക്കാം, അതവരെ ബാധിച്ചിരിക്കാം. അവർ അത്തരം സന്ദേശങ്ങൾ അവർക്ക് നേരിട്ടുള്ളതാണെന്നു കരുതി പശ്ചാത്താപിച്ച് നേർവഴിയിലായി തീരാം. ഇനി അവർ അത്തരം തെറ്റുകളിൽ/ പാപങ്ങളിൽ യഥാർത്ഥമായ നിലയിൽ കുറ്റക്കാരല്ലെങ്കിൽ, അപ്പോൾ അത്തരം ആളുകൾക്ക് ഭയപ്പെടാനൊന്നുമില്ല. ഇത് അല്ലാഹു(ത) അവർക്ക് നല്കുന്ന മുന്നറിയിപ്പാണ്. അപ്പോൾ അവർ സന്തോഷഭരിതരാകുകയാണ് വേണ്ടത്. എന്നാൽ അല്ലാഹു(ത) മുന്നറിയിപ്പ് നല്കിയ കാര്യത്തിൽ, അവർ യഥാർത്ഥമായ നിലയിൽ കുറ്റക്കാരാണെങ്കിൽ വെളിപാടിലൂടെ നല്കിയ കാര്യങ്ങളിൽ, അതേ എല്ലാ ഹൃദയങ്ങളിലുള്ളതിനെകുറിച്ചും എല്ലാ പ്രവർത്തനങ്ങളെ സംബന്ധിച്ചും അല്ലാഹു തീർച്ചയായും നല്ലവണ്ണം അറിയുന്നവനാണ്. ഇനി അത്തരം ഹൃദയങ്ങളുടെ ആഴങ്ങളിൽ അത്തരം തെറ്റായ കാര്യങ്ങളുടെ പ്രവർത്തനങ്ങൾ കിടപ്പുണ്ടെങ്കിൽ, അപ്പോൾ അവർ പശ്ചാത്തപിക്കേണ്ടതാണ്, എന്നിട്ടവർ സ്വയം സംസ്കരിക്കേണ്ടതാണ്.

## AN ADVICE : ഒരുപദേശം

ഈ ലോകത്ത് നിങ്ങൾ പരാജയം അംഗീകരിക്കുന്നതാണ് നല്ലത്. നിങ്ങൾ ശരിയായ പാതയിലാണ് എന്ന് നിങ്ങൾക്ക് നല്ലതുപൊലെ അറിയാവുന്ന വസ്തുത ആണെങ്കിൽ പോലും! തീർച്ചയായും അതിന്റെ സത്ഫലം (ക്ഷമയുടെ) പാരത്രികലോകത്ത് അതിമധുരതരമായിരിക്കുന്നതാണ്. നാം മനുഷ്യർ വളരെ വലിയ ബലഹീനരാകുന്നു. നാം ഒരു തെറ്റായ പ്രവർത്തി ചെയ്യുകയാണെങ്കിൽ, നാം നിരപരാധിയാണെന്ന് പറഞ്ഞ് മറ്റുള്ളവരുടെ മുൻപിൽ ശാഠ്യം പിടിച്ച് നില്ക്കരുത്. നാം ആ കാര്യത്തിൽ പരുഷതകാട്ടുകയുമകരുത്. മറിച്ച് നിങ്ങൾ ചെയ്യേണ്ടത്, നിങ്ങൾ അല്ലാഹുവിനോട് അധികമധികമായി ദുആ ചെയ്യുക. അങ്ങനെ ആയാൽ അല്ലാഹു(ത) നിങ്ങൾക്ക് പൊറുത്തു തരുന്നതാണ്, പ്രസ്തുത പ്രവർത്തിയുടെ അനന്തരഫലം എന്ന നിലയിൽ മോശമായ ഒരു അന്ത്യം അവൻ നിങ്ങളിൽ നിന്നും അകറ്റുന്നതാണ്. (അതായത് നിങ്ങൾ ഹീനമായ പ്രവർത്തികൾ ചെയ്യുമ്പോൾ)

ചില സന്ദർഭങ്ങളിൽ, ആളുകൾ ചിലരെ പിന്നിൽ നിന്നു കുത്തുന്നതായി നിങ്ങൾക്ക് കാണുവാൻ കഴിയുന്നതാണ്.

അവരതിൽ വളരെ വലിയ ആനന്ദം കണ്ടെത്തുന്നതായും നിങ്ങൾക്ക് മനസ്സിലാകുന്നതാണ്. ഇത്തരം സംഭാഷണത്തിലേർപ്പെട്ടിരുന്നവരുടെ അടുത്തേക്ക് പരദൂഷണം ചെയ്യപ്പെട്ട ആൾ, അപ്രതീക്ഷിതമായി അവിടേക്ക് കടന്നു വന്നു എന്ന് വരാം. അപ്പോൾ അവർ അവരുടെ സംസാര വിഷയം തന്നെ പെട്ടെന്ന് മാറ്റുന്നതാണ്. അവരുടെ മുഖങ്ങൾ വിളറി വെളുക്കുന്നതാണ്. അവരുടെ പ്രവർത്തനത്തെ കയ്യോടെ പിടിച്ചല്ലോ എന്ന നിലയിൽ! അവർ പറഞ്ഞ കാര്യങ്ങളെ അവർ മൂടി വെയ്ക്കുവാൻ ശ്രമിക്കുന്നു. എന്നിട്ട് അവർ പറയും ഞങ്ങൾ ഇന്ന ഇന്ന വിഷയങ്ങളെ കുറിച്ചു പറയുകയായിരുന്നു. ഈ കാര്യങ്ങൾ നിങ്ങളുമായി യാതൊരു ബന്ധവുമില്ലാത്തതാണ് തുടങ്ങി പല വ്യാജ പ്രസ്താവനകളും നടത്തുന്നു. ഇനി പ്രസ്തുത വ്യക്തി അവിടെ നിന്നു പോയി കഴിഞ്ഞാൽ, അഥവാ അദ്ദേഹത്തിൽ നിന്നും അവർ ദൂരെ ആകുമ്പോൾ, അവരിതിനെ ഒരു തമാശയായി കാണുന്നു. അവർ ചിരിക്കുന്നു, എന്നാൽ ആ ചിരി ഒരു ജാള്യം വരുത്തുന്ന ചിരി ആയിരിക്കും. അവരുടെ ഹൃദയങ്ങളിൽ അവർ കരുതുന്നത് അവർ ഈ ചൂണ്ടയിൽ നിന്നും മോചിതരായി എന്നാണ്. അവർ ആരെപറ്റി പരദൂഷണം പറഞ്ഞുവോ അയാൾ അവരെ പിടികൂടിയ നിലയിലായിരുന്നു. അവർക്ക് പൂർണ്ണമായും അറിവുണ്ട് അവർ ചെയ്തത് തെറ്റാണെന്ന്!

മറ്റൊരു സംഭവം വിവരിക്കാം, നിങ്ങൾ ഒരാളെകുറിച്ച് നല്ലതു പറഞ്ഞുകൊണ്ടിരിക്കുയാണെന്നു കരുതുക. നിങ്ങൾ അദ്ദേഹത്തിന്റെ പരദൂഷണം പറയുകയല്ല ചെയ്യുന്നത്. പ്രസ്തുത വ്യക്തി നിങ്ങൾ സംസാരിച്ചുകൊണ്ടിരുന്ന റൂമിൽ /സ്ഥലത്തു വന്നു എന്ന് കരുതുക, നിങ്ങളുടെ സ്ഥലത്തിന്റെ സമീപം അഥവാ തൊട്ടു പിന്നിൽ വന്നു എന്നു കരുതുക. നിങ്ങൾക്ക് യാതൊരുവിധ ജാള്യതയും അനുഭവപ്പെടുന്നതല്ല. യാതൊരുവിധ പരുങ്ങലും ഉണ്ടാകുന്നതല്ല, നിങ്ങളദ്ദേഹത്തെ കുറിച്ച് സംസാരിച്ചുകൊണ്ടിരുന്നതിൽ! കാരണം നിങ്ങൾ അദ്ദേഹത്തിന്റെ നല്ല ഗുണങ്ങളാണ് സംസാരിച്ചുകൊണ്ടിരുന്നത്. മറിച്ച് നിങ്ങൾ നല്ലത് പറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. സദുദ്ദേശത്തോടെയുമാണ് നിങ്ങൾ പറഞ്ഞുകൊണ്ടിരുന്നത്. നിങ്ങളതിൽ ലജ്ജിക്കേണ്ട യാതൊരു കാര്യവുമില്ല. നിങ്ങൾ പറയുന്നത്

പ്രസ്തുത വ്യക്തി കേട്ടതിന്റെ പേരിൽ! (കാരണം നിങ്ങൾക്കറിയാം നിങ്ങളിത് പറഞ്ഞത് ഒരു പ്രകടന ത്തിനു വേണ്ടി ആയിരുന്നില്ല എന്ന്! അതുമല്ലെങ്കിൽ മനഃ പൂർവ്വം അയാളെപറ്റി നല്ലതു പറയുവാനുള്ള ഒരു വേദി ഉണ്ടാക്കിയതുമല്ല എന്നുമറിയാം) ഒരു പക്ഷേ, പ്രസ്തുത വ്യക്തി അദ്ദേഹത്തെ പറ്റി നിങ്ങൾ പറഞ്ഞ നല്ല വാക്കു കൾ കേൾക്കുകയും ചെയ്ത സ്ഥിതിക്ക്, നിങ്ങൾ അദ്ദേഹ ത്തോട് പറയുക, താങ്കളെ പറ്റി ഞാൻ പറഞ്ഞ നല്ല വാക്കുകൾ താങ്കളെ ബുദ്ധിമുട്ടിച്ചു എങ്കിൽ ക്ഷമിക്കണം! എന്ന് പറഞ്ഞ് മാപ്പു ചോദിക്കുക. എന്നാൽ നിങ്ങൾക്ക റിയാം നിങ്ങൾ അദ്ദേഹത്തെക്കുറിച്ച് ഗീയ്ബത്ത് പറഞ്ഞ തല്ലാ എന്ന് ! നിങ്ങൾ പുകഴ്ത്തിപ്പറഞ്ഞ പ്രസ്തുത വ്യക്തി, ചിലപ്പോൾ ലജ്ജിതനായേക്കാം, കാരണം താങ്കൾ അദ്ദേഹത്തെ പറ്റി വളരെ കൂടുതൽ പുകഴ്ത്തി പറഞ്ഞു എന്നതിൽ!

ഇനി, നമുക്ക് മറ്റൊരു സാഹചര്യം വിലയിരുത്താം, ഒരുവൻ തനികള്ളം പറയുന്നു. ഇത് ഗീയ്ബത്ത് അല്ല.(ഇന്ന് ഗീയ്ബത്തിനെക്കാൾ മോശമായ കാര്യമാണ്) ഹസ്രത് അബൂഹുറൈ(റ)റിപ്പോർട്ട് ചെയ്ത ഒരു ഹദീ സ്, മുസ്ലിംമിൽ, കിതാബുൽ ബിർറിൽ രേഖപ്പെടുത്തി യിരിക്കുന്നു. ഹസ്രത് മുഹമ്മദ് മുസ്തഫ(സ) അദ്ദേഹ ത്തിന്റെ അനുചരന്മാരോട് ചോദിക്കുകയുണ്ടായി. പര ദൂഷണം എന്നാൽ എന്തെന്ന് നിങ്ങൾക്കറിയാമോ? അവർ പറഞ്ഞു, അല്ലാഹുവും അവന്റെ ദൂതനുമാണ് ഏറ്റവും നന്നായി അറിയുന്നത്! അദ്ദേഹം തുടർന്നു പറഞ്ഞു, തന്റെ സഹോദരൻ ഇഷ്ടപ്പെടാത്ത എന്തെങ്കിലും പറയു ന്നതാണത്. അപ്പോൾ ഒരാൾ ചോദിച്ചു ഞാൻ എന്റെ സഹോദരനപറ്റി പറയുന്നത് സത്യമാണെങ്കിലോ, പ്രവാ ചകനായ മുഹമ്മദ് (സ) അപ്പോൾ മറുപടിയായി പറഞ്ഞു. നിങ്ങൾ പറയുന്നത് ശരിയാണെങ്കിൽ നിങ്ങൾ അദ്ദേ ഹത്തെ പിന്നിൽ നിന്നു കുത്തി, ഇനി അതുശരിയല്ലെ ങ്കിൽ, നിങ്ങൾ പരദൂഷണം നടത്തി.

പരിശുദ്ധ പ്രവാചകൻ (സ) പറഞ്ഞു, ഒരാളിന്റെ അസാന്നിധ്യത്തിൽ അവനിലുള്ള ന്യൂനതയെകുറിച്ച് സംസാരിക്കുന്നതാണ്. ഗീയ്ബത്ത് അഥവാ പിന്നിൽ നിന്നു കുത്തൽ! ഇനി അവനെപറ്റി അവനിലില്ലാത്ത ഒരു കാര്യ

മാണ് നിങ്ങൾ പറയുന്നതെങ്കിൽ അത് ഒരു തെറ്റായ ആരോപണമാണ്; ഒരാപേക്ഷമാണ് അത് ഗീയ്ബത്തിനേക്കാൾ കൂടിയ പാപവുമാണ്. (അതായത് ഒരു വ്യക്തിയുടെ മേൽ നിങ്ങൾ ആക്ഷേപങ്ങളുടെ കൂനകൂട്ടുമ്പോൾ, അതിൽ നിന്നും ഒന്നും തന്നെ നിങ്ങൾക്ക് തെളിയിക്കുവാനും കഴിയുന്നില്ല. എന്നാൽ, നിങ്ങൾ അവൻ, വ്യഭിചാരം നടത്തി എന്നാക്ഷേപിക്കുന്നു! എന്നാൽ നിങ്ങൾ നാല് സാക്ഷികളെ ഹാജരാക്കുന്നതുമില്ല.... അതുപോലെ മറ്റ് ആരോപണങ്ങളും അവനെ പരിഹസിക്കുന്നതിനുവേണ്ടി മാത്രം)..... തീർച്ചയായും വലിയെ ഒരു പാപം തന്നെയാണ്. വിശുദ്ധഖുർആൻ ശക്തമായ ശിക്ഷ വിധിച്ചിട്ടുള്ളതുമാകുന്നു. ഒരു നിരപരാധിയുടെ മേൽ ഇത്തരം തെറ്റായ ആരോപണങ്ങൾ ചാർത്തിയാൽ, അല്ലാഹുവിന്റെ ക്രോധത്തിന് ഒരു പരിധിയുമുണ്ടായിരിക്കില്ല. ഈ രണ്ട് കാര്യങ്ങളിലും (അതായത് നിങ്ങൾ പറയുന്നത് ശരി ആണെങ്കിലും ശരി, അല്ലെങ്കിലും ശരി-അതായത് ഒരാളിന്റെ ന്യൂനതകളെ സംബന്ധിച്ച്) ഇത് സംബന്ധമായി നിങ്ങൾക്ക് സംസാരിക്കുവാൻ തക്കതായ കാരണമൊന്നുമില്ല. ഇത് ഇനി നിങ്ങൾ പറയുന്നത് ശരിയാണെന്നിരിക്കട്ടെ, അത് ഗീയ്ബത്ത് ആകുന്നു. ഇനി നിങ്ങൾ പറയുന്നത് അവനിലില്ലാത്തതാണെങ്കിൽ, അതൊരു ആക്ഷേപമാണ്. ഒരാളിന്റെ മേൽ അയാൾ ചെയ്യാത്ത കാര്യം ആരോപിച്ചാൽ അത് അയാളെ വധിക്കുന്നതിന് തുല്യമാണ്. ആത്മീയ ലോകത്തിൽ, ഒരാക്ഷേപം ഒരു ശിക്ഷാർഹമായ കുറ്റം തന്നെയാണ്. അങ്ങനെയാണ് ഒരാക്ഷേപം നടത്തുന്ന ആൾ കൊല ചെയ്യുന്നതുപോലുള്ള ഒരു പാപമാണ് ചെയ്യുന്നത്. മരണപ്പെട്ടവന്റെ മാംസം തിന്നുന്നതുപോലെ മഹാനികൃഷ്ടമായ കാര്യമായി ഇതിനെ കണക്കാക്കവതല്ല. മറിച്ച് അതിനേക്കാൾ മഹാനികൃഷ്ട പ്രവൃത്തിയാണ് ഇത്. ഈ വഴി വളരെ വലിയ അനീതിയാണ്. ഇതിനെല്ലാം നിങ്ങൾ അല്ലാഹു(ത)യുടെ മുൻപിൽ പൂർണ്ണമായ കണക്ക് ബോധിപ്പിക്കേണ്ടി വരും.

നോക്കൂ! ഈ വിഷയം വളരെ വിശാലമായതാണ്. എന്നാൽ അറിയുക! ഇതിന് നേരിട്ടൊരു അർത്ഥവുമുണ്ട്! ഒരു സമുദായത്തിന്റെ ധാർമ്മിക നിലയെ സംബന്ധിച്ചിടത്തോളം, ഇതിന്റെ സംരക്ഷണം, വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ഈ വിഷയം നിങ്ങൾക്ക് ശരിക്കും മനസ്സിലാ

യിട്ടില്ലെങ്കിൽ ഇത് ശരിയായ നിലയിൽ നിങ്ങൾക്ക് പൂർത്തീകരിക്കുവാൻ സാധിക്കുകയില്ല, അങ്ങനെയാണെങ്കിൽ നിങ്ങൾ ഇതിൽ കടന്നുകൂടി പോകും- അനേകം പ്രാവശ്യം-ഇത്തരം തിന്മകളിൽ വീണുപോകുവാൻ സാധ്യതകൂടുതലാണ്. അതിലൂടെ നിങ്ങൾ വെറുപ്പിന്റെ വിത്തുകൾ നട്ടുപിടിപ്പിക്കുവാൻ ഇടയാകുന്നതാണ്. നിങ്ങൾ അതിന്റെ ഉത്തരവാദികളായി തീരുന്നതാണ്. ഇത് സംഭവിക്കുമ്പോൾ, നിങ്ങൾ സമ്പൂർണ്ണമായും കാപട്യത്തിലായിരിക്കും. അപ്പോൾ നിങ്ങൾക്ക് വലിയ വാർത്താഫലകങ്ങൾ (സൈൻ ബോഡുകൾ) സ്ഥാപിക്കുവാൻ കഴിയും, അതിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കും. എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ്. എന്തിനാണ് നിങ്ങൾ ഇത് പ്രദർശിപ്പിക്കുന്നത്? നിങ്ങൾ വിദ്വേഷത്തിന്റെ, വെറുപ്പിന്റെ വിത്തുകൾ ജമാഅത്തിലെ ആളുകളിൽ ഇടുന്നു. (വാഗ്ദത്തമസീഹ് (അ)ന്റെ ആളുകളിൽ ഇടുന്നു. പ്രസ്തുത വെറുപ്പ് കുടുംബാംഗങ്ങളിൽ ഹൃദയങ്ങളിൽ കുത്തി വെയ്ക്കുന്നു. രക്തബന്ധങ്ങൾ പോലും മുറിച്ചു മാറ്റുന്നു. പ്രസ്തുത വെറുപ്പ് അത് ആഴത്തിൽ വേരോടുന്നു. അങ്ങനെ എല്ലായിടത്തും കുടുംബബന്ധങ്ങൽ തകരുന്നു. ഈ കഠിന ശത്രുതയാൽ, നിങ്ങൾ നിങ്ങളുടെ കുടുംബാംഗങ്ങളുടെ മേൽതന്നെ നിസ്സഹകരണം ഏർപ്പെടുത്തുന്നു. അങ്ങനെ സഹോദരീസഹോദന്മാർക്കിടയിൽ വിള്ളലുണ്ടാക്കുന്നു. അവരുടെ സ്വകാര്യ കുടുംബജീവിതത്തിൽ നിങ്ങൾ കൈകടത്തുകയാണ് ചെയ്യുന്നത്.

ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ, നിങ്ങളുടെ ജീവിതത്തിൽ കാണാത്ത, വലിയ സൈൻ ബോഡ് നിങ്ങൾ സ്ഥാപിക്കുന്നു. എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് എന്നാൽ അല്ലാഹു(ത)യുടെ കണ്ണിൽ, ഇത് (എല്ലാ പ്രദർശനങ്ങളും) ഒരു പ്രയോജനവും ഇല്ലാത്തതാകുന്നു. നിങ്ങളുടെ തന്നെ പ്രവർത്തനങ്ങളിലൂടെ, നിങ്ങൾ ദൈവീകാധ്യാപനങ്ങളിൽ നിന്നും വളരെ വിദൂരത്തായി പോയിരിക്കുന്നു. എത്ര വലിയ കാപട്യമാണ് നിങ്ങൾ നടത്തുന്നത്? ഇൻശാ അല്ലാഹ്! അടുത്ത ആഴ്ചയും ഇതേ വിഷയത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് വെളിച്ചം വീശുന്നതാണ്.

ആയതിനാൽ, നമുക്ക് പ്രാർത്ഥിക്കാം! ജമാഅത്തുസ്സഹീഹിൽ ഇസ്ലാമീൽ ഇത്തരം ആളുകൾ ഉണ്ടാകാതിരിക്കുവാനായി! ഇത്തരം ആളുകളെ അല്ലാഹു(ത) ഒരിക്കലും അഭിവൃ

ഡിപ്പെടുത്താതിരിക്കട്ടെ, അവരുടെ എണ്ണത്തിൽ വർദ്ധനവും വരുത്താതിരിക്കട്ടെ. അവർ ഗീയ്ബത്തിലും തജസ്സുസിലും, അസൂയയിലും, കള്ളത്തരങ്ങളിലും, ആക്ഷേപങ്ങളിലും മുഴുകി കഴിയുമ്പോൾ, അവരെ ഒരിക്കലും ശിക്ഷിക്കപ്പെടാതെ വിടാതിരിക്കട്ടെ! മറിച്ച് നമുക്ക് വേണ്ടത് മുത്തഖീങ്ങളുടെ ഒരു ജമാഅത്താണ് (ദൈവഭയമുള്ളവർ, സ്വാതികർ, സൽമാർഗ്ഗികൾ) അവരുടെ ഹൃദയങ്ങളിൽ അതിശക്തമായ നിലയിൽ ദൈവഭയം ഉണ്ടായിരിക്കട്ടെ. നമ്മുടെ ഹൃദയങ്ങളിൽ അത്തരം ദൈവഭയം ഉണ്ടായാൽ, നാമൊരിക്കലും അത്തരത്തിലുള്ള അതിഹീനമായ പ്രവർത്തികൾ ചെയ്യുകയില്ല! അത് തീർച്ചയായും (പ്രസ്തുത ഹീന പ്രവർത്തി) അല്ലാഹുവിന്റെ ക്രോധത്തെ വലിച്ചു നമ്മിലേക്ക് കൊണ്ടു വരുന്നതു തന്നെയാണ്.

ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ പ്രവേശിച്ച എല്ലാ ആളുകളും, തങ്ങളുടെ സ്വയം സംസ്ക്കരണത്തിനായി, കഠിനമായി യത്നിക്കേണ്ടതാണ്. അല്ലാഹു(ത) അവരെ എല്ലാം അപ്രകാരം ആക്കട്ടെ! നമുക്ക് എണ്ണം അധികം വേണ്ട-ധാരാളം ആളുകൾ-നമുക്ക് വേണ്ടത് ഗുണനിലവാരമുള്ളവരെയാണ്. പ്രസ്തുത വിശ്വാസികൾ സത്യവാന്മാരായിരിക്കും, നല്ലവരായിരിക്കും, അവർ സ്വയം സംസ്ക്കരിക്കുന്നവരായാരിക്കും. അങ്ങനെ അവർ ശരിയായ മുസ്ലിംകൾ/ വിശ്വാസികൾ ആയിത്തീരും അല്ലാഹു(ത) ആഗ്രഹിക്കുന്നത്, വെറുതെ ദൈവീക ദൃഷ്ടാന്തത്തിൽ വിശ്വസിച്ചവരെയല്ല, അവർ സ്വയം സംസ്ക്കരിച്ച് നന്നാവാത്തവരെയല്ല, യഥാർത്ഥ മാതൃകാ പുരുഷന്മാരും സ്ത്രികളും ആകാത്തവരെയല്ല. മറിച്ച് യഥാർത്ഥമായ നിലയിൽ ദൈവീക ദൃഷ്ടാന്തത്തിൽ വിശ്വസിച്ച്, സ്വയം സംസ്ക്കരിച്ച്, യഥാർത്ഥ മാതൃകയുള്ള, സത്യവിശ്വാസികളെയാണ് അല്ലാഹു(ത) ലക്ഷ്യമിടുന്നത് ആമീൻ! സുമ്മ ആമീൻ. യാ റബ്ബൽ ആലമീൻ!




*Translated & Issued By :*
*Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*